(ഡി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും ഉപഭോക്തൃ തർക്ക പരിഹാര ഫോറങ്ങളുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ പ്രസിഡന്റ് ചെയർമാനും സംസ്ഥാന നിയമ വകുപ്പു സെക്രട്ടറി, ഉപഭോക്തൃ കാര്യ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളുമായുള്ള സെലക്ഷൻ കമ്മിറ്റിയുടെ ശുപാർശ പ്രകാരം സംസ്ഥാന സർക്കാരാണ് നിയമനം നടത്തുന്നത്.

(ഇ & എഫ്) തിരുവനന്തപുരം, ആലപ്പുഴ, മലപ്പുറം എന്നീ ജില്ലാ ഫോറങ്ങളിലാണ് നിലവിൽ പ്രസിഡന്റുമാർ ഇല്ലാത്തത്. പ്രസിഡന്റുമാർ കാലാവധി പൂർത്തിയാക്കിയപ്പോൾ വന്ന ഒഴിവുകളാണ് അവ. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് ഉണ്ടായിട്ടുണ്ട്. പ്രസ്തുത കേസിൽ 15-11-2004-ൽ ഉണ്ടായിട്ടുള്ള വിധിക്കെതിരെ സംസ്ഥാന കമ്മീഷൻ പ്രസിഡന്റ് അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീലിൽ വാദംകേട്ട ഡിവിഷൻ ബഞ്ച് കേസിൽ വിധി പറയാനായി വച്ചിരിക്കുകയാണ്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുൻ വർഷങ്ങളിൽ വാങ്ങിയ മുളക്, ഉഴുന്ന് എന്നിവയുടെ വില

73 [2690] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ 1995, 1996, 1998, 1999, 2004 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ കിലോഗ്രാമിന് എന്തു വിലയ്ക്കാണ് മുളക് വാങ്ങിയത് എന്നറിയിക്കാമോ;

(ബി) 1995, 1998, 2003 ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലേക്ക് കിലോക്ക് എന്ത് വിലയ്ക്കാണ് മുളക് വാങ്ങിയത് എന്ന് അറിയിക്കുമോ;

(സി) 1995, 2000, 2002, 2003 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിൽ കിലോഗ്രാമിന് എന്ത് വിലയ്ക്കാണ് ഉഴുന്ന് (UD Washed) വാങ്ങിയത് എന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

കിലോഗ്രാം

	ജൂൺ ₹ P	ജൂലൈ ₹ P	ആഗസ്റ്റ് ₹ P
1995	44.33	51.29	49.33
1996	48.80	46.51	44.10
1998	48.27	54.09	53.08
1999	43.63	42.77	42.09
2004	41.76	40.72	41.96

(ബി)

	ഒക്ടോബർ ₹ P	നവംബർ ₹ P	ഡിസംബർ ₹ P
1995	62.45	വാങ്ങിയിട്ടില്ല	53
1998	57.69	68.20	55.78
2003	52.77	52.85	52.65

(സി)

	ഏപ്രിൽ ₹ P	മേയ് ₹ P	ജൂൺ ₹ P	ജൂലൈ ₹ P
1995	35.02	34.47	38.68	32.04
2000	34.63	33.42	36.76	33.84
2002	28.77	28.23	28.27	23.76
2003	27.47	27.23	26.61	25.97

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങിയ കടല, തുവര എന്നിവയുടെ മുൻ വർഷങ്ങളിലെ നിരക്ക്

74 [2691] ശ്രീ. ആർ. ബാലകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998 ജനുവരി, ഫെബ്രുവരി മാസങ്ങളിലും 2001, 2002, 2004 ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും 2003 ജനുവരി, ഫെബ്രുവരി, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും കിലോഗ്രാമിന് എന്തു വിലയ്ക്കാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ കടല വാങ്ങിയത് എന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly